കടൽഭിത്തി നിർമ്മാണവും പുലിമുട്ട് സ്ഥാപിക്കലും

*27 [57] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി പോലുള്ള ദുരന്തം ഉണ്ടായാൽ മുൻകരുതൽ എന്ന നിലയ്ക്ക് കടൽഭിത്തി കെട്ടാനും പുലിമുട്ട് സ്ഥാപിക്കാനും എന്തെല്ലാം പദ്ധതികളാണ് ഇതിനകം തയ്യാറാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) മുടങ്ങിക്കിടക്കുന്ന കടൽഭിത്തി നിർമ്മാണം പൂർത്തീകരിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) സുനാമി തിരമാലകളുടെ ആക്രമണം ഏറ്റവും കൂടുതൽ അനുഭവപ്പെട്ട കൊല്ലംജില്ലയിലെ ആലപ്പാട് പഞ്ചായത്തിലെ ജയന്തി കോളനി, ചെറിയഴീക്കൽ പ്രദേശങ്ങളിലും ആലപ്പുഴ ജില്ലയിലെ തറയിൽകടവ്, അന്ധകാരനാഴി, കുത്തിയതോട്, ഒറ്റമശ്ശേരി, ആലപ്പുഴ മുനിസിപ്പൽ പ്രദേശത്ത് ആലപ്പുഴ ജില്ലാ ആശുപത്രിക്ക് വടക്കു ഭാഗം എന്നിവിടങ്ങളിൽ കടൽഭിത്തി നിർമ്മിക്കാനുള്ള പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കടലാക്രമണം തടയുന്നതിന് വർഷങ്ങൾക്ക് മുമ്പ് കേരളത്തിൽ നടപ്പാക്കിയ കടലാക്രമണ നിരോധന ഉപാധിയാണ് പുലിമുട്ട് നിർമ്മാണം. എന്നാൽ, പുലിമുട്ടുകൾ തീരപ്രദേശത്തെ മണ്ണൊലിപ്പിന് കാരണമാകുന്നു എന്ന് കണ്ടെത്തിയതിനെത്തുടർന്ന് 1964-ൽ പുലിമുട്ട് നിർമ്മാണം നിർത്തലാക്കി. പുലിമുട്ടുകൾ അത് പ്രവർത്തിക്കുന്ന ഭാഗങ്ങളിൽ കടലാക്രമണം നിരോധിക്കുമെങ്കിലും ഇതരഭാഗങ്ങളിൽ രൂക്ഷമായ കടലാക്രമണത്തിന് കാരണമാകുന്നു എന്ന് സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷന്റെ പഠനത്തിൽ കണ്ടെത്തുകയുണ്ടായി. ഇത് സംബന്ധിച്ച് വിശദമായ ചർച്ചകൾ ആവശ്യമായിവരും.

(ബി) ഫണ്ടിന്റെ ലഭ്യതയ്ക്കു വിധേയമായി മറ്റു പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മാണം ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

റോഡുകളുടെ അറ്റകുറ്റപ്പണികളിലുള്ള കാലവിളംബരം

*28 [58] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജലവിതരണത്തിനും സീവറേജ് വ്യാപനത്തിനുമായി വാട്ടർ അതോറിറ്റി നിയന്ത്രണത്തിലുള്ള ഏജൻസികൾ വെട്ടിപ്പൊളിക്കുന്ന പി.ഡബ്ല്യു.ഡി. റോഡുകളും ഇടവഴികളും യഥാവിധി അറ്റകുറ്റപ്പണി നടത്തുന്നതിലുണ്ടാകുന്ന കാലവിളംബരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കരാർ പ്രകാരമുള്ള നിശ്ചിത തീയതിക്കകം വികസന പ്രവർത്തികൾ പൂർത്തിയാക്കാത്തതു കാരണം ഗതാഗത തടസ്സങ്ങളും പൊതുജനങ്ങൾക്ക് വൈഷമ്യങ്ങളും ഉണ്ടാക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പൈപ്പ് ലൈൻ, സീവറേജ് ലൈൻ എന്നിവ സ്ഥാപിക്കാൻ കരാറെടുക്കുന്ന ഏജൻസികളെ തന്നെ 'റോഡ് റെക്ടിഫിക്കേഷൻ' നടത്തുന്നതിനുള്ള ചുമതലകൾ ഏൽപ്പിക്കുവാൻ നിയമതടസ്സമോ പ്രായോഗികമായ ബുദ്ധിമുട്ടുകളോ നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ രണ്ട് ചുമതലകളും ഒരേ ഏജൻസികളിൽ തന്നെ നിക്ഷിപ്തമാക്കുമോ;

(ഇ) യഥാസമയം നിർവ്വഹണ പുരോഗതി നിരീക്ഷിക്കാനും പ്രതിസന്ധികൾ പരിഹരിക്കാനും ജില്ലാതല സംവിധാനം ഏർപ്പെടുത്തുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്. പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി പി.ഡബ്ല്യു.ഡി.-യിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങിയതിനു ശേഷമാണ് വാട്ടർ അതോറിറ്റി റോഡുകൾ വെട്ടിപ്പൊളിക്കുന്നത്. ഇത് പൂർവ്വസ്ഥിതിയിൽ ആക്കാനുള്ള തുകയും പി.ഡബ്ല്യു.ഡി.-ക്ക് ഡെപ്പോസിറ്റ് ചെയ്യാറുണ്ട്. ആയതിനാൽ റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തേണ്ടത് പി.ഡബ്ല്യു.ഡി.-യാണ്.

(ബി) പ്രവൃത്തികൾ യഥാസമയം തീർക്കുവാൻ ശ്രമിക്കുന്നുണ്ട്.

(സി) ഉണ്ട്. റോഡിന്റെ നിർമ്മാണച്ചുമതലയും അതിന്റെ മേൽനോട്ടവും പി.ഡബ്ല്യു.ഡി.-യിൽ നിക്ഷിപ്തമാണ്. ആയതിനാൽ 'റോഡ് റെക്ടിഫിക്കേഷൻ' നടത്താനുള്ള ചുമതലകൾ മറ്റു ഏജൻസികളെ ഏൽപ്പിക്കുന്നതിന് ഇപ്പോൾ സംവിധാനമില്ല.

(ഡി) റോഡിന്റെ നിർമ്മാണച്ചുമതലയും അതിന്റെ മേൽനോട്ടവും പി.ഡബ്ല്യു.ഡി.-ൽ നിക്ഷിപ്തമായതിനാൽ പി.ഡബ്ല്യു.ഡി. തന്നെ ചെയ്യുന്നതാണ് അഭികാമ്യം.

(ഇ) ജില്ലാതല ഓഫീസർമാർ അംഗങ്ങളായി ഇപ്പോൾത്തന്നെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly